SUGAR QUOTA—PARTICULARS REGARDING

462. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊച്ചിക്ക് പ്രതിവർഷം അനുവദിക്കപ്പെട്ടിട്ടുള്ള പഞ്ചസാര കോട്ടാ എത്ര;

(ബി) ഇതു വിതരണം ചെയ്യുന്നതു് ആളുകാർഡുകാക്കും ദിവസകാർഡുകാക്കും തുല്യമായിട്ടാണോ;

(സി) ഈ പഞ്ചസാര കോട്ട തുല്യമായി വിതരണം ചെയ്താൽ ഒരാൾക്ക് ഒരു മാസത്തേക്ക് ലഭിക്കാവുന്ന പഞ്ചസാരയുടെ തോതെന്ത്;

(ഡി) കൊച്ചിക്ക ലഭിക്കുന്ന പഞ്ചസാര കോട്ട വർദ്ധിപ്പിച്ചു കിട്ടുവാൻ ഗവണ്മെന്റു വല്ല ശ്രമവും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൧൯൫൨—൫൩ ൨,൨൦൦ ടൺസ്.
൧൯൫൩—൫൪ ൨,൯൦൬ ,,
൧൯൫൪—൫൫ ൩,൯൦൦ ,,
൧൯൫൫—൫൬ ൩,൫൯൦ ,,
൧൯൫൬—൫൭ ൩,൯൦൦ ,,

(ബി) ആളുകാർഡുകാക്കും ദിവസക്കാർഡുകാക്കും ഒരുതോതിനെ അടിസ്ഥാനപ്പെടുത്തിയാണു് വിതരണം നടത്തുന്നതു്. എന്നാൽ കാർഡുകാരുടെ ആവശ്യം നോക്കി പഞ്ചസാര ആവശ്യമില്ലാത്തവരുടെ തോതിൽ കുറച്ചു കൂടുതൽ വരുത്തിയിട്ടുണ്ടു്.

(സി) സെൻസസ്സു് കണക്കിനെ അടിസ്ഥാനപ്പെടുത്തി മാസത്തിൽ ആളോഹരി ഉദ്ദേശം ൦.൫൭ lbs.

(ഡി) ഉണ്ടു്.

PRICE OF IMPORTED RICE—PARTICULARS OF

463. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സിന്ധു മുതലായ ബ്രിട്ടിഷിൻഡ്യൻ പ്രോവിൻസുകളിൽനിന്നും കൊച്ചിഗവണ്മെന്റു് വാങ്ങുന്ന അരിക്ക ചാക്കൊന്നിന്നു് എത്ര ഉറുപ്പികയാണു് വില;

(ബി) ഇൻഡ്യയിൽ പൊതുവിൽ അരിയുടെ വില ഇൻഡ്യാഗവണ്മെന്റു് സ്റ്റാൻഡർഡൈസ് ചെയ്തിട്ടില്ലെ;

(സി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യേണമെന്നു് കൊച്ചി ഗവണ്മെന്റു് ഇന്ത്യാഗവണ്മെന്റിനോടു് നിർദ്ദേശിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇക്കൊല്ലത്തിൽ കൊച്ചിക്കു് അനുവദിച്ചിട്ടുള്ള കോട്ടകളിൽ ഇതുവരെ സിന്ധിൽനിന്നും പഞ്ചാബിൽനിന്നും മാത്രമാണു് അരി കിട്ടിയിട്ടുള്ളതു്. സിന്ധിൽനിന്നുള്ള അരിക്ക ൨½ മന്നു തൂക്കമുള്ള ചാക്കൊന്നിന്നു് ൩൹ ക. ൨ ണ. മുതൽ ൩൹ ക. ൨൫ ണ. വരെയും പഞ്ചാബിൽനിന്നുള്ള അരിക്ക ൩൦ ക. ൨൫ ണ. ൧൫ സ. മുതൽ ൩൦ ക. ൨൫ ണ. ൧൫ സ. വരെയും വിലയുള്ളതാകുന്നു.

(ബി) ഇല്ല.

(സി) ഉണ്ടു്.

CENTRAL FARM—COWS—PARTICULARS OF

464. **Mr. Paramel Ipe Ipe** *(Kunnamkulam)*: Will Government be pleased to state,—

(a) how many cows are there in the Central Farm;

(b) how many of them are milking cows;

(c) what is the average yield per cow per lactation;

(d) what is the average yield per cow per lactation in the Pioneer and Gosri Dairies;

(e) what is the total yield of milk per mensem for each of the first four months of this year?

Mr. C. R. Iyyunni *(Minister for Revenue)*:

(a) 39.

(b) 18.

LIBRARY ARCHIVES Kerala Legislative Assembly